# വചനസുമം





വാല്യം 14 ◆ ഓഗസ്റ്റ് 2015 ◆ ലക്കം 8

# പ്രസംഗം തയ്യാറാക്കിയവർ

**ആഗസ്റ്റ് 2 :** **പെന്തിക്കോസ്തിക്കുശേഷം 10 – ാം ഞായർ**

ബ്രദർ ബ്ലസ്സൻ മാത്യു ഒ.ഐ.സി.

**ആഗസ്റ്റ് 6 :** **നമ്മുടെ കർത്താവിന്റെ തേജസ്കരണം**

ബ്രദർ മനു ഗീവർഗീസ് ഒ.ഐ.സി.

**ആഗസ്റ്റ് 9 :** **തേജസ്കരണത്തിനുശേഷം 1 – ാം ഞായർ**

ബ്രദർ ജോസഫ് അഗസ്റ്റിൻ ഒ.ഐ.സി.

**ആഗസ്റ്റ് 15 :** **ശൂനോയോ പെരുനാൾ**

ബ്രദർ മാത്യു പ്രഫുൽ ഒ.ഐ.സി.

**ആഗസ്റ്റ് 16 :** **തേജസ്കരണത്തിനുശേഷം 2 – ാം ഞായർ**

ബ്രദർ ജോൺസൺ പേഴുംകൂട്ടത്തിൽ ഒ.ഐ.സി.

**ആഗസ്റ്റ് 23 :** **തേജസ്കരണത്തിനുശേഷം 3 – ാം ഞായർ**

ബ്രദർ മൈക്കിൾ രാജ് ഒ.ഐ.സി.

**ആഗസ്റ്റ് 30 :** **തേജസ്കരണത്തിനുശേഷം 3 – ാം ഞായർ**

ബ്രദർ മൈക്കിൾ രാജ് ഒ.ഐ.സി.




Printed : At Bethany Offset Printers, Kottayam - 686 010

Published : By **Bethany Vedavinjana Peeth, Pune**



(For Private Circulation)

## ആഗസ്റ്റ് 2 : പെന്തിക്കോസ്തിക്കുശേഷം 10 – ാം ഞായർ

## സണ്ടേസ്കൂൾ ദിനം

*ബ്രദർ ബ്ലസ്സൻ മാത്യു ഒ.ഐ.സി*

പുറ. 15:22–27; ജോബ് 42:9–17; സംഖ്യ 12:1–8;
അ. പ്ര. 5:17–32; റോമ 10:14–20; മത്തായി 19:13–15

"ശിശുക്കളെ എന്റെ അടുത്തുവരുവാൻ അനുവദിക്കുവിൻ അവരെ തടയരുത്. എന്തെന്നാൽ, സ്വർഗരാജ്യം അവരെപോലെയുള്ളവരുടേതാണ്."

### പശ്ചാത്തലം

സ്വർഗരാജ്യത്തിൽ എപ്രകാരം പ്രവേശിക്കാമെന്നു ഒരു ശിശുവിനെ മാതൃകയാക്കികൊണ്ട് യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുന്ന മനോഹരമായ സംഭവം വി. മത്തായി ശ്ലീഹാ തന്റെ സുവിശേഷത്തിൽ (18:1–5) വരച്ചുകാട്ടുന്നുണ്ട്. ഇന്നത്തെ വിചിന്തനഭാഗം (മത്താ.19:13–15) ആ സംഭവത്തെ ഓർമ്മിപ്പിക്കുകയും ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു. ശിശുക്കളുടെമേൽ കൈകൾ വച്ച് അനുഗ്രഹിക്കുന്നതിനും അവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതിനുമായി ഒരു വലിയ ഗുരുവിന്റെ പക്കലേക്കു അവരെ കൊണ്ടുപോകുന്നത് ഒരു യഹൂദ പാരമ്പര്യമായിരുന്നു. അതേപോലെ, മാതാപിതാക്കൾ തങ്ങളുടെ മക്കളുടെ ജീവിതം അനുഗ്രഹിക്കപ്പെടുന്നതിനായി അവരെ സിനഗോഗുകളിൽ കൊണ്ടുപോയി മുതിർന്നവരെകൊണ്ടു കൈകൾ വച്ച് പ്രാർത്ഥിപ്പിക്കുന്നതും ഒരു പതിവായിരുന്നു. ഈ പശ്ചാത്തലത്തിലാണു യേശുവിന്റെ പക്കലേക്കു ചിലർ ശിശുക്കളെ കൊണ്ടുവന്നത്.

### പ്രമേയം

തന്റെ അടുക്കലേക്കു കടുന്നുവന്ന ശിശുക്കളെ തടഞ്ഞ ശിഷ്യന്മാരെ ശാസിക്കുന്നതിലൂടെ സ്വർഗരാജ്യം ശിശുക്കളുടെ ലോകമാണെന്ന് യേശു അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നു. ഏറ്റവും ചെറിയ ഒരു ശിശുവിൽ സ്വർഗരാജ്യത്തിന്റെ രഹസ്യം അടങ്ങിയിരിക്കുന്നു വെന്നു യേശു ഇവിടെ പറയാതെ പറഞ്ഞുവയ്ക്കുകയാണ്.

## സന്ദേശം

ഇന്നത്തെ ഈ വേദഭാഗം കുട്ടികൾക്ക് എന്നതിനേക്കാൾ മുതിർന്നവർക്കു ചില പ്രധാനപ്പെട്ട ഉപദേശങ്ങൾ നൽകുന്നുണ്ട്:

**1. മുതിർന്നവർ ശിശുക്കളുടെ മനോഭാവം ഉൾക്കൊള്ളണം.**

"സ്വർഗരാജ്യം ശിശുക്കളെപ്പോലെയുള്ളവരുടേതാണ്" (V.14). അപ്പോൾ മുതിർന്നവർ സ്വർഗരാജ്യത്തിന് അർഹരല്ലേ? അർഹരാണ്; പക്ഷേ, അവർ ശിശുവിനെപ്പോലെയാകണം. എന്താണു ശിശുവിന്റെ പ്രത്യേകത? ശിശുക്കളിൽ ദിവ്യമായതെന്തോ ഉണ്ട്. അതിനെയാണു യേശു സ്വർഗരാജ്യം എന്നു വിളിച്ചത്. അവിടുന്ന് അരുളിചെയ്തു: "നിങ്ങൾ മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെയാകുന്നില്ലെങ്കിൽ സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയില്ല" (മത്താ.18:3). ശിശുവാകുക എന്നു പറയുമ്പോൾ വെറും കുട്ടിത്തങ്ങളുമായി ജീവിക്കുക എന്നല്ല, മറിച്ച് ശിശുവിന്റെ മനോഭാവങ്ങളെ ജീവിതത്തിൽ സ്വന്തമാക്കുവാനാണു യേശു നമ്മോടാവശ്യപ്പെടുന്നത്.

ശിശുക്കളുടെ സവിശേഷതകളിൽ എടുത്തുപറയേണ്ടവയാണ് അവരുടെ നിഷ്ക്കളങ്കതയും ആശ്രയബോധവും. നിഷ്കളങ്കവും നിർമ്മലവുമായ അവരുടെ പെരുമാറ്റങ്ങൾ ആരെയും ആകർഷിക്കുന്നതാണ്. സുപ്രസിദ്ധ അമേരിക്കൻ ദാർശനികനും എഴുത്തുകാരനുമാണ് റാൽഫ് വാൽഡോ എമേഴ്സൺ. ഒരു ബസിൽ യാത്ര ചെയ്യവെ തനിക്കുണ്ടായ ഒരനുഭവം അദ്ദേഹം വിവരിക്കുന്നുണ്ട്: യാത്രക്കാരൊക്കെ അലക്ഷ്യഭാവത്തോടെ അങ്ങുമിങ്ങും നോക്കിയും അതുമിതും ചിന്തിച്ചുമിരിക്കുന്നു. ആർക്കും ആരെയും പരിചയമില്ല, പരിചയപ്പെടണമെന്നുമില്ല. എത്തേണ്ടിടത്ത് എത്രയും വേഗം എത്തിച്ചേരണമെന്ന ചിന്തമാത്രം. അപ്പോഴാണ് ഒരു സ്ത്രീ ഒരു സ്റ്റോപ്പിൽ നിന്ന് തന്റെ ഓമന മകനേയും കൊണ്ടു ബസിൽ കയറുന്നത്. സീറ്റിൽ ഇരിപ്പുറപ്പിച്ച സ്ത്രീയുടെ മടിയിൽ കയറി നിന്നുകൊണ്ടു കൈകൊട്ടിയും ചാഞ്ചാടിയും അവൻ ചിരിച്ചു കളിച്ചു. എല്ലാവരുടേയും ശ്രദ്ധ അവന്റെ നേർക്കു തിരിഞ്ഞു. അവന്റെ നിഷ്കളങ്കമായ കളിയും ചിരിയും കണ്ട് അവരൊക്കെ മതിമറന്നു സന്തോഷിച്ചു.

അതുപോലെ ആശ്രയബോധം ശിശുസഹജമാണ്. ജീവിതത്തെ തനിയെ നേരിടാൻ കഴിയുമെന്നു ശിശു ഒരിക്കലും കരുതുന്നില്ല. മുതിർന്നവരെ, പ്രത്യേകിച്ചു അടുപ്പമുള്ളവരെ അത് ആശ്രയിക്കുന്നു.

സ്വർഗരാജ്യത്തെ സംബന്ധിച്ചു നമ്മുടെ സ്ഥിതി ശിശുവിന്റേ തിനെക്കാൾ മെച്ചമല്ല. ശിശു ജീവിതത്തെ നേരിടുന്ന ഈ മനോഭാവ ത്തോടെ സ്വർഗരാജ്യത്തെ സമീപിക്കുവാൻ നമുക്കു കഴിയണം. ദൈവ ത്തിന്റെ ശക്തമായ കരവും വരവുമില്ലാതെ നിത്യസമ്മാനത്തിനർഹമായ ഒരു പ്രവൃത്തിപോലും ചെയ്യാൻ നമുക്കു നിവൃത്തിയില്ല. ''എന്നെ കൂടാതെ നിങ്ങൾക്കൊന്നും ചെയ്യാൻ കഴിയുകയില്ല'' (യോഹ. 15:5) എന്ന് യേശു അരുളിചെയ്തിട്ടുണ്ടല്ലോ. അതിനാൽ അമ്മയുടെ കരം പിടിച്ചു നടക്കുന്ന ശിശുവിനെപോലെ ദൈവപിതാവിന്റെ കരം പിടിച്ചു നടക്കുവാനും, വീഴ്ചകളിലും പരാജയങ്ങളിലും തളരാതെ ദൈവത്തി ലാശ്രയിച്ചു മുന്നോട്ടുപോകുവാനും, നിഷ്കളങ്കത കാത്തു സൂക്ഷിച്ചു നിർമ്മലരായി ജീവിക്കുവാനും യേശു നമ്മെ ആഹ്വാനം ചെയ്യുന്നു.

### 2. ശിശുക്കളിലെ സ്വർഗരാജ്യസാധ്യതയെ നഷ്ടപ്പെടുത്താതെ സൂക്ഷിക്കാം.

പഴയനിയമത്തിൽ (നിയമാ. 6:1-9) മോശ വഴിയായി ഇസ്രായേൽ ജനത്തിനു ലഭിച്ച കൽപനകളും ചട്ടങ്ങളും ജാഗരൂകതയോടെ പാലി ക്കപ്പെടണമെന്നും, അവ അവരുടെ മക്കളെ പഠിപ്പിക്കുകയും പരിശീലി പ്പിക്കുകയും ചെയ്യണമെന്നുമുള്ള ദൈവത്തിന്റെ കൽപന നാം വായി ക്കുന്നുണ്ട്. മാതാപിതാക്കൾക്കുള്ള ഈ ആഹ്വാനം പുതിയനിയമത്തിൽ പുതുക്കപ്പെടുന്നുണ്ട്. ''കുട്ടികളെ കർത്താവിന്റെ ശിക്ഷണത്തിലും ഉപ ദേശത്തിലും വളർത്തുവിൻ'' (എഫേ. 6:4). അതിനാൽ മാതാപിതാക്കൾ തങ്ങളുടെ മക്കളിലെ സ്വർഗരാജ്യസാധ്യതയെ നഷ്ടപ്പെടുത്താതെ സൂക്ഷിക്കുകയും പരിപോഷിപ്പിക്കുകയും വേണം. ഇതിന്, കുട്ടികളെ സ്ഥിരമായി ദേവാലയത്തിൽ കൊണ്ടുവരുന്നതിനും, വേദപാഠ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുന്നതിനും, ഭവനങ്ങളിൽ പ്രാർത്ഥനയ്ക്കും ബൈബിൾ വായനയ്ക്കും അവരെ പ്രേരിപ്പിക്കുന്നതിനും, ഉത്തമ മാതൃക നൽകി ഒരു നല്ല വിശ്വാസ ജീവിതം കെട്ടിപ്പടുക്കുന്നതിനുമായി മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം. കുട്ടികളുടെ സ്വർഗഭാഗ്യത്തെ നഷ്ടപ്പെടുത്തുന്ന തരത്തിലുള്ള യാതൊരു ദുഷ്പ്രേരണകളും തങ്ങളിൽ നിന്നോ മറ്റു സാഹചര്യങ്ങളിൽ നിന്നോ ഉണ്ടാകാതെ മാതാപിതാക്കൾ സൂക്ഷിക്കണം. കാരണം, യേശു പറയുന്നു: ''വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവനു ഇടർച്ച വരുത്തു ന്നവൻ ആരായാലും അവനു കൂടുതൽ നല്ലത് ഒരു വലിയ തിരികല്ലു കെട്ടി കടലിൽ എറിയപ്പെടുന്നതാണ്'' (മർക്കോ. 9:42). ഇന്ന് കുട്ടികൾക്കു

ലഭിക്കുന്ന സാഹചര്യങ്ങളും, മാധ്യമങ്ങളും ടെക്നോളജിയും, അവർ കണ്ടു വളരുന്ന കുടുംബത്തിലെ നമ്മുടെ സംഭാഷണങ്ങളും പ്രവർത്തനങ്ങളും വരെ കുട്ടികളിലെ സ്വർഗരാജ്യസാധ്യതയെ പരിപോഷിപ്പിക്കാൻ സഹായിക്കുന്ന വിധത്തിലുള്ളവയാണോ എന്നു പരിശോധിച്ചു നോക്കുവാൻ തിരുവചനം നമ്മെ ആഹ്വാനം ചെയ്യുന്നു.

## ഉപസംഹാരം

മലങ്കര സുറിയാനി കത്തോലിക്കാ സഭ സണ്ടേസ്കൂൾ ദിനമായി ആചരിക്കുന്ന ഈ ദിവസം ശിശുക്കളെ മുൻനിർത്തി ഇന്നത്തെ സുവിശേഷഭാഗം നമുക്കു നൽകുന്ന പാഠം മറക്കാതിരിക്കാം. ശിശുക്കളുടെ മനോഭാവം ഉൾക്കൊണ്ടു സ്വർഗരാജ്യപ്രവേശനത്തിന് അർഹരായി തീരുവാനും അവരിലെ സ്വർഗരാജ്യസാധ്യതയെ നഷ്ടപ്പെടുത്താതെ പരിപോഷിപ്പിക്കുവാനും ഇന്നത്തെ സുവിശേഷത്തിലൂടെ തിരുസഭ നമ്മോട് ആഹ്വാനം ചെയ്യുന്നു. യേശു എന്ന ശിശുവിനെ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റേയും മനുഷ്യരുടേയും പ്രീതിയിലും വളർത്തിയ ഒരമ്മയുടെ സ്വർഗാരോപണതിരുന്നാൾ (ശൂനോയോ) ആഘോഷിക്കുന്നതിന് ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഈ വേളയിൽ ആ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം നമ്മുടെ ജീവിതങ്ങൾക്കു കോട്ടയായിരിക്കുവാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കാം.

## ആഗസ്റ്റ് 6 : നമ്മുടെ കർത്താവിന്റെ തേജസ്കരണം

*ബ്രദർ മനു വർഗീസ് ഒ.ഐ.സി*

**വി. ലൂക്കാ. 9:28–36**

### പശ്ചാത്തലം

രക്ഷകന്റെ വാഗ്ദാനത്തെ പ്രതീക്ഷിച്ചിരിക്കുന്ന ഇസ്രായേൽ ജനത്തിന്റെ മുൻപിൽ ഒരു പുരോഹിതനായോ, രാജാവായോ, പ്രവാചകനായൊ അവതരിപ്പിക്കപ്പെടാതെ ഒരു സഹനദാസനായി യേശുവിനെ സുവിശേഷകൻ അവതരിപ്പിക്കുന്നു. യേശു ദൈവത്തിന്റെ പുത്രനാണെന്നുള്ള പത്രോസിന്റെ വിശ്വാസ പ്രഖ്യാപനത്തിനുശേഷം തന്റെ പീഡാനുഭവത്തിന്റേയും മരണത്തിന്റേയും ഉത്ഥാനത്തിന്റേയും രഹസ്യങ്ങൾ യേശുശിഷ്യന്മാരോട് പങ്കുവയ്ക്കുന്നു. ഇതിന്റെ അർത്ഥം ശരിയായി മനസ്സിലാക്കാൻ കഴിയാതെ വരുന്ന ശിഷ്യന്മാരുടെ മുൻപിൽ താബോർ മലയിൽ വച്ച് യേശു രൂപാന്തരപ്പെടുന്നു. താൻ സകലത്തിന്റേയും പൂർത്തീകരണമാണെന്നുള്ള വലിയ സത്യം ഇതിലൂടെ വെളിവാക്കപ്പെടുന്നു.

### പ്രമേയം

യേശു തന്റെ പീഡാസഹനത്തെപ്പറ്റിയുള്ള ഒന്നാം പ്രവചനത്തിന്റേയും (ലൂക്കാ. 9:21–29) രണ്ടാം പ്രവചനത്തിന്റേയും (ലൂക്കാ. 9:43–45) മദ്ധ്യേ തന്റെ ശിഷ്യന്മാരായ പത്രോസിനേയും, യാക്കോബിനേയും യോഹന്നാനേയും കൂട്ടി താബോർ മലയിൽ കയറി പ്രാർത്ഥിക്കുവാൻ പോകുന്നു. അവിടെ കർത്താവിനു രൂപാന്തരീകരണം സംഭവിക്കുന്നു. കർത്താവിന്റെ മഹത്വം ശിഷ്യന്മാർ ദർശിക്കുന്നു. ഇതാണ് ഈ സുവിശേഷ ഭാഗത്തിന്റെ പ്രമേയം.

### സന്ദേശം

പത്രോസിന്റെ വിശ്വാസപ്രഖ്യാപനത്തിനുശേഷം ഏകദേശം എട്ടു ദിവസങ്ങൾ കഴിഞ്ഞ് യേശു ശിഷ്യന്മാരുമായി താബോർ മലയിലേക്കു പോകുന്നു. സമാന്തരസുവിശേഷങ്ങളിൽ വി. മത്തായിയും, വി. മർക്കോസും "ആറു ദിവസങ്ങൾ കഴിഞ്ഞ്" (മത്താ. 17:1, മർക്കോ.

9:2) എന്ന പരാമർശത്തിനു വിഭിന്നമായി വി. ലൂക്കാ സുവിശേഷകൻ 'എട്ട്' ദിവസങ്ങൾ കഴിഞ്ഞു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അതിനാൽത്തന്നെ ഈ സംഭവമനുഷ്യന്റെ സങ്കൽപത്തിനും ബുദ്ധിക്കും മീതെയാണെന്നും ഈ ലോകത്തിനപ്പുറം വരാനിരിക്കുന്ന ലോകത്തിന്റെ പ്രതീകമാണെന്നും ദൈവശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. കാരണം ആറു ദിവസങ്ങൾക്കൊണ്ടു ലോകം സൃഷ്ടിക്കുകയും ഏഴാം ദിവസം തന്റെ വിശ്രമദിനമായി, കർത്താവിന്റെ ശാബത്തായി ആചരിച്ചുവരുന്ന പാരമ്പര്യത്തിൽ എട്ടിന്റെ പ്രാധാന്യം എന്നത് വരാനിരിക്കുന്ന ലോകത്തെയാണെന്നും, രൂപാന്തരീകരണ രഹസ്യം ആറ് ദിവസങ്ങൾക്കൊണ്ട് സൃഷ്ടിക്കപ്പെട്ട ...... കടന്നുപോയതിനുശേഷമുള്ള യാഥാർത്ഥ്യമാണെന്നുമുള്ള ധ്വനി അനുവാചകർക്കായി സുവിശേഷകൻ മാറ്റിവയ്ക്കുന്നു.

### 1. രൂപാന്തരീകരണം: ഒരു വെളിപ്പെടുത്തൽ

താബോർ മലയിൽ തന്റെ പിതാവുമായുള്ള സംഭാഷണത്തിന്റെ മദ്ധ്യേ തനിക്കു രൂപമാറ്റം സംഭവിക്കുന്നു. തികച്ചും അഭൗമികമായ ഒരു അനുഭവത്തിനു ശിഷ്യന്മാർ സാക്ഷികൾ ആയിത്തീരുന്നു. താബോർ അനുഭവത്തിലെ രൂപാന്ത്രീകരണത്തിലൂടെ തന്റെ ജീവിത ലക്ഷ്യം ശിഷ്യന്മാർക്ക് വെളിപ്പെട്ടു കിട്ടുകയാണ്. തന്നെക്കുറിച്ചുള്ള ഒരു പുതിയ അറിവിന്റെ വെളിപ്പെടുത്തൽ കൂടിയാണിത്. മോശയുടെയും ഏലിയായുടെയും സാന്നിധ്യത്താൽത്തന്നെ താൻ നിയമത്തിന്റേയും പ്രവാചകന്മാരുടേയും പൂർത്തീകരണമാണെന്നു ഇതിലൂടെ മനസ്സിലാക്കപ്പെടുന്നു. ഇതിനുവേണ്ടി ഒരു അന്തരീക്ഷം തന്നെ താബോർ മലയിൽ സജ്ജമാക്കപ്പെടുന്നു. ഇസ്രായേൽ ജനത്തിനു 'മല' ദൈവസാന്നിധ്യത്തിന്റെ പ്രതീകമാണ്. അവരുടെ ജീവിതസാഹചര്യങ്ങളിൽ 'മലയുടെ അനുഭവം' അവരുടെ ജീവിതാവസ്ഥ തന്നെ മാറ്റി മറിച്ചവയാണ്. അതുകൂടാതെ 'ഒരു മേഘത്തിന്റെ സാന്നിധ്യം' ഇതിനു കൂടുതൽ അർത്ഥം നൽകുന്നു. മേഘം പിതാവായ ദൈവത്തിന്റെ പ്രതീക മാണ് (പുറ. 40:34). തുടർന്നു നടക്കുന്ന കാര്യങ്ങളിലൂടെ ശിഷ്യന്മാർ തീവ്രമായ ഒരു ആത്മീയ അനുഭവത്തിന്റെ പാരമ്യത്തിലേക്ക് എത്തി ച്ചേരുന്നു.

### 2. രൂപാന്തരീകരണം: തീവ്രമായ ആത്മീയ അനുഭവത്തിന്റെ പാരമ്യം

ദൈവത്തോടുകൂടെ ആയിരിക്കുമ്പോഴാണ് ഒരുവന് ആത്മീയ അനുഭവം ഉണ്ടാകുന്നത്. പ്രാർത്ഥനയിലൂടെയാണ് ഒരുവന് കർത്താ

വിന്റെ ഹിതം അറിയുന്നതിനും, അവിടുത്തെ അടുത്ത് അനുഭവിക്കുന്നതിനും സാധിക്കുന്നത്. പ്രാർത്ഥന ജീവിതഗ്രന്ഥിയായി മാറുമ്പോൾ നാം ക്രമേണ രൂപാന്തരപ്പെടുന്നു. പിതാവുമായി സംഭാഷണം നടത്തിയപ്പോൾ കർത്താവിനുണ്ടായ മാറ്റം സുവിശേഷകൻ രേഖപ്പെടുത്തുന്നു. "അവന്റെ മുഖഭാവം മാറി, വസ്ത്രം വെണ്മയുള്ളതായിത്തീർന്നു" (ലൂക്ക. 9:29). മോശയുടെയും ഏലിയായുടെയും സാന്നിധ്യം ഈ അനുഭവത്തിനു കൂടുതൽ മാറ്റുകൂട്ടി. മോശയുടെ മാറ്റം പുറപ്പാടു പുസ്തകത്തിൽ നാം വായിക്കുന്നുണ്ട്. നാൽപ്പത് ദിവസത്തെ മലയിലെ പ്രാർത്ഥനയുടെയും ഉപവാസത്തിന്റേയും ഫലമായി മോശയുടെ മുഖം ശോഭിച്ചു (പുറ. 34:29). തീക്ഷ്ണതയോടെ ഹോറേബ് മലയിൽ പ്രാർത്ഥിച്ചിരുന്ന പ്രവാചകൻ കർത്താവിനെപ്രതി ജ്വലിച്ചിരുന്നതായി നാം പഴയനിയമത്തിൽ വായിക്കുന്നു (1 രാജാ. 19:10). അങ്ങനെ പ്രാർത്ഥനയിലൂടെയുള്ള ഒരു രൂപാന്തരീകരണമാണ് കർത്താവ് നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത്. തീക്ഷ്ണമായ ആദ്ധ്യാത്മീകനുഭവം അതിലൂടെയാണ് സാധ്യമാകുക. അങ്ങനെ രൂപാന്തരീകരണം തീക്ഷ്ണമായ ആദ്ധ്യാത്മീക അനുഭവത്തിന്റെ പാരമ്യത്തിലേക്ക് നയിക്കുന്നു. അപ്പോൾ നാം ഒരുക്കമുള്ളവരായിത്തീരുന്നു. ജാഗരൂകരായി മാറുന്നു.

### 3. ജാഗരൂകരായ ശിഷ്യന്മാർ

എപ്പോഴും ഒരുക്കമുള്ളവരായിരിക്കണം എന്ന് കർത്താവ് പല സന്ദർഭങ്ങളിൽ നമ്മെ പഠിപ്പിക്കുന്നുണ്ട്. തന്റെ രാജ്യത്തിൽ കർത്താവ് മഹത്വത്തോടെ എഴുന്നെള്ളുമ്പോൾ ഒരുക്കമുള്ളവരായിരുന്നാൽ അവനോടൊപ്പം ആയിരിക്കുന്നതിന് ഒരുവന് യോഗ്യത കൈവരുന്നു. ഈ ജാഗരൂകത ക്രിസ്തുവിന്റെ ശിഷ്യന്മാർക്ക് അത്യന്താപേക്ഷിതമായ ഒരു സംഗതിയാണ്. ഇവിടെ ശിഷ്യന്മാരായ പത്രോസും യാക്കോബും യോഹന്നാനും നിദ്രാഭാരം ഉള്ളവരായിരുന്നിട്ടും ഉറങ്ങിയിരുന്നില്ല. അതിനാൽ കർത്താവിന്റെ മഹത്വം ദർശിക്കുന്നതിന് അവർക്ക് സാധിച്ചു (ലൂക്ക 9:32). മഹത്വത്തിൽ എഴുന്നെള്ളിയിരിക്കുന്ന ക്രിസ്തുവിനെ അവർ ദർശിച്ചു. ജാഗരൂകതയോടെ വർത്തിച്ച 5 ബുദ്ധിമതികളായ കന്യകമാർ കർത്താവിനൊപ്പം മണവറയിൽ പ്രവേശിച്ചതായി നാം പുതിയനിയമത്തിൽ വായിക്കുന്നു (മത്താ. 25:1ff). തന്റെ പീഡാനുഭവത്തിന്റെ മുൻപ് ഗത്സമനിയിൽ പ്രാർത്ഥിക്കുന്നതിനായി എത്തിയ കർത്താവ് ശിഷ്യന്മാരെ ശാസിക്കുന്നതായി നാം വായിക്കുന്നു (ലൂക്ക 22:43ff). ഉണർന്നിരുന്ന് പ്രാർത്ഥിക്കുന്നതിനായി അവരെ ഉദ്ബോധിപ്പി

ക്കുന്നുണ്ട്. എന്നാൽ ഇവിടെ ശിഷ്യന്മാർ ഉണർന്നിരുന്നു എന്നു പറയുമ്പോൾ തേജസ്ക്കരണത്തിന്റെ അർത്ഥം കൂടുതൽ ആഴമുള്ളതാകുന്നു. ഉണർന്നിരിക്കുന്നവർക്ക് കർത്താവ് നൽകുന്ന സമ്മാനമാണ് അവന്റെ മഹത്വം.

### 4. ശിഷ്യന്റെ രൂപാന്തരീകരണം

സ്വർഗ്ഗതുല്യമായ ദർശനത്തിനു സാക്ഷിയായിത്തീർന്ന പത്രോസ് പറയുന്നത് ശ്രദ്ധേയമാണ്. നിയമത്തിന്റെയും, പ്രവചനത്തിന്റേയും പൂർത്തീകരണമായ ക്രിസ്തുവിനെ ഇസ്രായേലിന്റെ വിമോചകനായ മോശയോടും, ദൈവത്തിന്റെ ശക്തനായ പ്രവാചകനായ ഏലിയായോടും ഒപ്പം കണ്ടപ്പോൾ പത്രോസിനും മറ്റു ശിഷ്യന്മാർക്കും രഹസ്യങ്ങൾ വെളിപ്പെട്ടു കിട്ടുന്നു. ഈജിപ്തിന്റെ അടിമത്തത്തിൽ നിന്നു മോശ ഇസ്രായേൽ ജനത്തെ രക്ഷിച്ചപോലെ പാപത്തിന്റെ അടിമത്തത്തിൽ നിന്നു യേശുതമ്പുരാൻ രക്ഷിക്കും എന്ന് ശിഷ്യന്മാർ വിശ്വസിക്കാൻ തക്കവണ്ണം അവർക്ക് രൂപാന്തരീകരണം സംഭവിക്കുന്നു. മലമുകളിൽ ആയിരിക്കുവാൻ പത്രോസ് ആഗ്രഹിക്കുന്നു (ലൂക്ക. 9:33). അവിടെയും ഗുരു അവർക്ക് മാതൃക കാട്ടുകയാണ്. കൂടാരം പണിത് അതിൽ പാർക്കാൻ തയ്യാറാകാതെ യേശു മലയിറങ്ങി. സുരക്ഷിതത്വം ആഗ്രഹിക്കാതെ ജറുസലേമിന്റെ കനൽ വഴികളിൽ ആത്മാക്കളെ അന്വേഷിച്ചിറങ്ങുന്ന ഗുരു അവർക്ക് മാതജകയാകുന്നു. തുടർന്ന് ശിഷ്യന്മാർ ആ വഴി പിന്തുടരുന്നതിനും അവനു സാക്ഷികളായിത്തീർന്നതിനും ചരിത്രം സാക്ഷി. ഈ രൂപാന്തരീകരണത്തിലൂടെ ശിഷ്യന്റെ കർമ്മമണ്ഡലത്തി വ്യാപ്തി വർദ്ധിക്കുന്നു. ദൈവരാജ്യത്തിൽ ആത്മാക്കളെ നേടുന്നതിനു ശിഷ്യനു സാധിക്കുന്നു.

ഈ പരിശുദ്ധമായ തിരുനാളിൽ നാം സംബന്ധിക്കുമ്പോൾ രൂപാന്തരീകരണത്തിന്റെ അനുഭവത്തിൽ നമുക്ക് വീട്ടിലേക്ക് മടങ്ങിപ്പോകാം. പല അവസരങ്ങളിൽ കർത്താവ് നമ്മേയും കൂട്ടി മലമുകളിലേക്ക് പോകുന്നുണ്ട്. അപ്പോൾ കൂടെപ്പോകാനും പ്രാർത്ഥനയിൽ ചിലവഴിക്കുവാനും സാധിക്കുമ്പോൾ നാം ദൈവത്തിന്റെ മഹത്വം ദർശിക്കുവാൻ സാധിക്കുന്നു. ക്രിസ്തീയ ജീവിതം രൂപാന്തരീകരണത്തിന്റെ ജീവിതമാണ്. രൂപാന്തരീകരണം രക്ഷയിലേക്കാണ്. വീണ്ടെടുപ്പിലേക്കാണ് നമ്മെ നയിക്കുക. ആ ലക്ഷ്യപ്രാപ്തിക്കായി നമുക്കു പ്രാർത്ഥിക്കാം.

## ആഗസ്റ്റ് 9 : തേജസ്കരണത്തിനുശേഷം 1–ാം ഞായർ

*ബ്രദർ ജോസഫ് അഗസ്റ്റിൻ ഒ.ഐ.സി*

**മത്താ 8 23–27, പുറ 9 13–21, രാജാ 18 36–46, ഏശ 43 1–7, യാക്കോ 4 1–10, 2 കോറി 3 12–18, മത്താ 21 28–32**

### സന്ദർഭം

ഒന്നാം സുവിശേഷത്തിന്റെ ക്രമം അനുസരിച്ച് യേശുവും യഹൂദപ്രമാണികളും നടത്തുന്ന അന്തിമസംവാദത്തിന്റെ ആരംഭഭാഗമാണ് മത്തായി (21: 28–32). പഴയ ഇസ്രായേലിന്റെ തിന്മ എന്തെന്ന് വെളിപ്പെടുത്തുകയാണ് യേശു ഈ ഉപമകളിലൂടെ (21:28 22:14). ഈ വിവാദത്തിന് ആരംഭം കുറിക്കുന്നത് യഹൂദപ്രമാണികൾ യേശുവിന്റെ അധികാരത്തെ ചോദ്യം ചെയ്യുന്നതിലൂടെയാണ് (21:23–27). ആ ചോദ്യങ്ങൾക്കുള്ള മറുപടികൂടിയാണ് ഈ ഉപമകൾ. അതിൽ ഒന്നാമത്തെതാണ് ഇന്നത്തെ വേദഭാഗം.

### പ്രമേയം

ദൈവത്തിന്റെ മക്കളായിക്കുന്ന നാമോരോത്തരും ആ സ്നേഹവലയത്തിൽ നിന്ന് നമ്മെയകറ്റുന്ന ദുർമോഹങ്ങളെ തിരിച്ചറിഞ്ഞ് ആ ഒരു അവബോധത്തിന്റെ ആഴത്തിലേക്ക് കടന്നുവരുവാനായി പരിശ്രമിക്കണം.

### സന്ദേശം

ആരാധനക്രമവത്സരത്തിലെ ആറാമത്തെ കാലമായ തേജസ്ക്കരണക്കാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. ഈ കാലഘട്ടത്തിൽ ക്രിസ്തുവിന്റെ രൂപാന്തീകരണവുമായി ബന്ധപ്പെട്ട ചിന്തകളാണ് തിരുസഭ നമ്മുക്ക് നല്കുന്നത്. തേജസ്ക്കരണതിരുനാൾ നമ്മെ ഓർമ്മപ്പെടുത്തുന്നത് നമ്മിൽ സംഭവിക്കേണ്ട രൂപാന്തീകരണത്തെയാണ്. ഇതിലേക്ക് വെളിച്ചം വീശുന്ന ഉപമയാണ് ആദ്യഞായറാഴ്ച്ചയായ

ഇന്ന് നമ്മുടെ വിചിന്തനത്തിനും പ്രർത്ഥനക്കുമായി നല്കിയിരിക്കുന്നത്. മത്തായി (21: 28-32).

യേശുപറഞ്ഞ ഈ ഉപമയിൽ, ഒരു പിതാവിന്റെ രണ്ട് പുത്രൻമാരാണ് ശ്രദ്ധാകേന്ദ്രം. മുന്തിരിത്തോട്ടത്തിൽ ജോലിച്ചെയ്യാൻ പിതാവ് ഇരുവരോടും ആവശ്യപ്പെട്ടു. എന്നാൽ ഒന്നാമൻ പോകാമെന്ന് പറഞ്ഞ് പ്രവൃത്തിയിൽ ധിക്കാരം കാട്ടി, രണ്ടണ്ടാമൻ പോകില്ല എന്ന് പറഞ്ഞിട്ടും പിന്നീട് പശ്ചാത്തപിച്ച് പിതാവിന്റെ ആവശ്യം നിറവേറ്റി. യേശു ഇവിടെ എടുത്ത് കാട്ടുന്നത് ധിക്കാരം കാട്ടിയ മക്കളെയാണ്. എന്തുകൊണ്ടാണ് അവർക്ക് തെറ്റ് പറ്റിയത്? പുത്രധർമ്മമെന്നത് പിതാവിന്റെ ഇഷ്ടം നിറവേറ്റുക എന്നതാണ്. എന്നാൽ ആ ധർമ്മം നിറവേറ്റുന്നതിൽ മക്കൾക്ക് വാക്കുകൊണ്ടണ്ടും പ്രവൃത്തികൊണ്ടണ്ടും തെറ്റുപറ്റുന്നു. അതിനു കാരണം അവരാരായിരുന്നു എന്ന അവബോധത്തിൽ നിന്ന് അവർ മാറിപ്പോയതുകൊണ്ടണ്ടാണ് അഥവാ തങ്ങളുടെ സ്വാർത്ഥകളിൽ തങ്ങളെ തളച്ചിട്ടതുകൊണ്ടണ്ടായിരുന്നു.

## എന്താണു അവബോധം?

ഒരുവനു തന്നെപ്പറ്റിയും താനായിരിക്കുന്ന അവസ്ഥയെപ്പറ്റിയുമുള്ള പൂർണ്ണമായ ബോധ്യമാണ് അവബോധം. ഒരുവൻ നയിക്കപ്പെടേണ്ടതും അവന്റെ ജീവിതം ക്രമീകരിക്കപ്പെടേണ്ടതും ഈയൊരു ഉൾബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ്. ഈ അവബോധ്യമാണ് ഒരോത്തരെയും തങ്ങളുടെ കടമകൾ നിർവഹിക്കാൻ പ്രാപ്തരാക്കുന്നത്. ഈ ഉപമയിൽ നാം കാണുന്നത് പിതാവിനോടുള്ള കടമ നിർവഹിക്കാതെ ആ അവബോധത്തിൽ നിന്ന് തെന്നിമാറുന്ന രണ്ടണ്ടു പുത്രന്മാരെയാണ്.

വി. ഗ്രന്ഥത്തിന്റെ താളുകൾ മറിക്കുമ്പോൾ ഈ അവസ്ഥയിൽ നിന്നും വ്യതിചലിക്കുന്ന ഒരുപാടുപേരെ കണ്ടെത്തുവാൻ സാധിക്കും. ആദവും ഹവ്വായും, ഏസ്സാവും, ദാവീദും യൂദാസുമൊക്കെ ഈ അവബോധത്തിൽ നിന്നു വ്യതിചലിച്ചവർക്കു ചില ഉദാഹരണങ്ങൾ മാത്രമാണ്. ഈ വ്യതിചലിക്കൽ അവരെ കൊണ്ടെണ്ടത്തിക്കുന്നതു ചില പാളിച്ചകളിലേക്കാണ്. ഇവരുടെ ജീവിതത്തിലെ ഈ പാളിച്ചകൾക്ക് കാരണം അവരിലുളവായ സ്വാർത്ഥപരമായ ചിന്തകളായിരുന്നു.

## എന്തുകൊണ്ടാണ് ഒരുവന് അവബോധം നഷ്ടമാകുന്നത്?

സ്വാർത്ഥകളെ മുറുകെ പിടിക്കുമ്പോഴാണ് പലപ്പോഴും അവബോധം നഷ്ടമാകുന്നത്. ഈ ഉപമയിൽ നാം ദർശിക്കുന്നത് അതു തന്നെയാണ്. അതുകൊണ്ടണ്ടാണ് ധിക്കാരപരമായ മറുപടി മക്കൾ പിതാവിനു നല്കേണ്ടണ്ടിവരുന്നത്. സ്വന്തം ഇഷ്ടങ്ങൾക്ക് പിറകിൽ താൻ നിർവഹിക്കേണ്ട കടമകളെ അഥവാ തന്നെ തന്നെ മറന്നു പോകുകയാണ് മക്കൾ. ഇവിടെയാണ് അവർക്ക് അവരെ നഷ്ടമാകുന്നത്. സ്വന്തം സ്വത്തിന്റെ ഭാഗവുമായി യാത്രയാകുന്ന ധൂർത്തപുത്രനും, പായസക്കോപ്പയിൽ എറിഞ്ഞുകളഞ്ഞ ഏസ്സാവിന്റെ ജ്യേഷ്ഠ സ്ഥാനവും, പണത്തിനു പിന്നിൽ തന്റെ ബോധതലം ഉടഞ്ഞുപോയ യൂദാസിനും സംഭവിക്കുന്നത് ഇതുതന്നെയാണ്. വേദപുസ്തകത്തിൽ നാം വായിക്കുന്നുണ്ട് ‘‘മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു. പാപം മരണത്തേയും.’’ ഈ ഉപമയിൽ പിതാവിന്റെ ഇഷ്ടം നിരസിച്ചതും കർത്തവ്യങ്ങൾ മറന്നുപോയതും പുത്രന്മാർ തങ്ങളുടെ സ്വകാര്യതകളെ മാത്രം ഇഷ്ടപ്പെട്ടതുകൊണ്ടണ്. പലപ്പോഴും പലകാര്യങ്ങൾക്കുമുന്നിലും ‘പറ്റില്ല’ എന്ന ന്യായവാദം നാം പറയുന്നതും ഈ സ്വാർത്ഥപരമായ മനോഭാവം നമ്മിൽ കുടികൊള്ളുന്നതുകൊണ്ടാണ്. ഇവിടെ നാം തകർത്തുകളയുന്നത് മറ്റുള്ളവർ നമ്മിൽ അർപ്പിക്കുന്ന വിശ്വാസം മാത്രമല്ല മറിച്ച് നമ്മുടെ കഴിവുകൾ കൂടിയാണ്. മക്കൾക്ക് തങ്ങളുടെ ജീവിതത്തിൽ സംഭവിക്കുന്ന പരാജയം ഇതുതന്നെയാണ്.

## എങ്ങനെ അവബോധത്തിലേക്കു തിരികെ വരാം?

സ്വയ അവബോധത്തിലൂടെ മാത്രമാണ് ഒരുവനു താൻ ആയിരിക്കുന്ന യഥാർത്ഥ അവസ്ഥയിലേക്കു മടങ്ങിവരാൻ സാധിക്കൂ. ഇങ്ങനെ കടന്നുവന്നാൽ മാത്രമെ ഒരുവന് താൻ ആരാണന്നും തന്റെ കടമ എന്താണന്നും വ്യകതമാകുകയുള്ളൂ. സ്വയ അവബോധമാണ് ഒരുവനെ സ്വാർത്ഥപരമായ ചിന്തകളിൽ നിന്നും ദുർമോഹങ്ങളിൽ നിന്നും പിന്മാറി അനുതാപത്തിലേക്കും ആദ്യസ്നേഹത്തിലേക്കും ക്ഷണിക്കുന്നതും തിരികെ വരുവാനായി ഒരുവനെ അനുവദിക്കുന്നതും. ഇവിടെ ഈ ഉപമയിൽ രണ്ടാമത്തെ മകൻ പശ്ചാത്തപിച്ച് തിരികെ വരുന്നത് ആ തിരിച്ചറിവിൽ നിന്നാണ്.

നമ്മുടെ ജീവിതങ്ങളിലേക്കു കടന്നു ചെല്ലുമ്പോൾ നമുക്കു മനസിലാക്കാം ഓരോ ദിനവും നാമും കടന്നുപോകുന്നതു പല തരത്തിലുള്ള സ്വാർത്ഥപരമായ ചിന്തകളിലൂടെയും ദുർമോഹങ്ങളിലൂടെയാണ്. ഈ മോഹങ്ങൾ പലപ്പോഴും ശരീരത്തിന്റേയും മനസിന്റേയും സുഖങ്ങൾ പ്രദാനം ചെയ്യുന്നതിനാൽ ജീവിതയാത്രയിൽ പലപ്പോഴും നമ്മുടെ സഹയാത്രികരായി ഇവയെ കാണാറുണ്ട്. പിന്നീട് ഇവ ജീവിതത്തിൽ തുടർക്കഥയാകുമ്പോൾ നാം ആരെന്ന ബോധ്യം മൂടത്തക്കവിധം നമ്മുടെ ജീവതത്തെയതു മൂടികളഞ്ഞിരിക്കും. മിക്കപ്പോഴും 'ഇന്നത്തേക്കു കൂടി' അല്ലെങ്കിൽ 'നാളെക്കൊണ്ടണ്ടു നിർത്താം' എന്നു പലപ്പോഴും പല ദുർമോഹങ്ങൾക്കു മുന്നിൽ നാം ന്യായീകരണങ്ങൾ നൽകാറുണ്ടണ്ട് എന്നാലതു പാപത്തേയും പാപം മൂലം നമ്മിൽ സംജാത മാകുന്ന മരണത്തേയും അല്ലെങ്കിൽ ദൈവപുത്രരെന്ന സ്ഥാനത്തു നിന്നുള്ള അകൽച്ചയേയും നമുക്കു പ്രദാനം ചെയ്യും. ഇങ്ങനെയുള്ള ദുർമോഹങ്ങളെ നമ്മുടെ ജീവിതങ്ങളിൽ നിന്ന് ഉരിഞ്ഞെറിഞ്ഞു കളയുവാനാണു ഈ ഉപമ നമ്മെ ആഹ്വാനം ചെയ്യുന്നത്.

മാമ്മോദീസാ എന്ന കൂദാശയിലൂടെ ദൈവത്തിന്റെ പുത്രീപുത്രന്മാരായിരിക്കുന്ന നമുക്കു നമ്മെ ആ സ്ഥാനത്തുനിന്നും ചിന്തയിൽ നിന്നും അകറ്റിനിർത്തുന്ന എല്ലാത്തരം മോഹങ്ങളിൽ നിന്നും മാറിനിൽക്കുവാനായും അതുപോലെ തമ്പുരാൻ നമ്മിൽ ചൊരിഞ്ഞിരിക്കുന്ന ദൈവകൃപ നമ്മിൽ സമൃദ്ധമാകുവാനുമായി പ്രാർത്ഥിക്കാം.

## ആഗസ്റ്റ് 15 : ശൂനോയോ പെരുനാൾ

*ബ്രദർ മാത്യു പ്രഫുൽ ഒ.ഐ.സി*

**മത്താ 12 46–50, ഉൽപ 3 14–19, ജോഷ്വാ 4 1–14, ഏശ 45 14–19, വെളി 12 13–18, ഹെബ്രാ 11 1–17, ലൂക്കോ 1–39–56**

### പശ്ചാത്തലം

ബാല്യകാലസുവിശേഷമാണ് ലൂക്കോസ് ഒന്നാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. സ്നാപകന്റെയും യേശുവിന്റെയും ജനനത്തെ കുറിച്ചുള്ള അറിയിപ്പാണ് ആദ്യം വിവരിക്കുന്നത്. അതിനുപുറമെ വരുന്നതാണ് ഇന്നത്തെ സുവിശേഷഭാഗം.

### പ്രമേയം

മറിയത്തിന്റെ സ്തോത്രഗീതം ഒരുവനിലും, സമൂഹത്തിലും സംഭവിക്കേണ്ട ഒരു വിപ്ലവത്തിന്റെ സങ്കീർത്തനമാണ്. മറിയത്തെ സ്വർഗാരോപിതയാക്കിയത് ദൈവഹിതപ്രകാരം ഈ വിപ്ലവം സംഭവ്യമാക്കുവാൻ തന്നെ പൂർണ്ണമായ് വിട്ടുകൊടുക്കുമ്പോഴാണ്.

### സന്ദേശം

ആഗോളകത്തോലിക്കസഭയും മറ്റു ഓർത്തഡോക്സ് സഭകളും ദൈവമാതാവായ മറിയത്തിന്റെ സ്വർഗാരോപണതിരുനാൾ ഇന്ന് ആചരിക്കുകയാണ്, ആഘോഷിക്കുക യാണ്. 12-ാംപീയൂസ് മാർപാപ്പ മറിയത്തിന്റെ സ്വർഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിച്ചിട്ട് ഇന്ന് 65 വർഷം തികയുകയാണ്. ഇന്നെ ദിവസത്തിന്റെ സന്തോഷം ഇരട്ടിപ്പിക്കുന്ന വേറെ രണ്ട് ആഘോഷങ്ങൾ കൂടിയുണ്ട്, ഭാരതം തന്റെ സ്വാതന്ത്ര്യത്തിന്റെ 68-ാം വർഷം ആഘോഷിക്കുന്നു. അതോടൊപ്പം ബഥനി ആശ്രമം തന്റെ 96-ാം പിറന്നാൾ ആഘോഷിക്കുന്നു. അതുകൊണ്ടുണ്ട് തന്നെ ആഗസ്റ്റ് 15 എപ്പോഴും മനസ്സിൽ ഉണർത്തുന്നത് വിപ്ലവത്തിന്റെയും സ്വാതന്ത്രത്തിന്റെയും വികാരമാണ്.

ഇന്നേ ദിവസം നാം അനുസ്മരിക്കുന്നത് മൂന്ന് വിപ്ലവകാരികളെയാണ്. അഹിംസയുടെ പാതയിലൂടെ നാടിനെ സ്വാതന്ത്രത്തിലേക്ക് എത്തിച്ച ഗാന്ധി, സത്യവിശ്വാസത്തെ പുൽകി സഭയെ സ്വാതന്ത്രത്തിലേക്ക് വഴി നടത്തിയ മാർ ഈവാനിയോസ്, സ്വഭാവികതയെ

മറികടന്ന് ദൈവതിരുഹിതത്തിന് 'ഫിയാത്ത്' പറഞ്ഞ് മനുഷ്യരാശിയേ സ്വാതന്ത്ര്യത്തിലേക്ക് നയിച്ച പരി. കന്യകമറിയം. ചരിത്രതാളുകളിൽ ഏറ്റവും ശക്തമായ രീതിയിൽ മനുഷ്യജീവിതത്തെ സ്വാധീനിച്ച ഒ ര ു വിപ്ലവകാരിയായിട്ടാണ് മറിയം ഓർക്കപ്പെടുക

ഇന്ന് സഭ നമ്മുടെ ചിന്തയ്ക്കും വിചിന്തനത്തിനുമായി നൽകുന്ന വേദഭാഗം ലൂക്കാ 1:39-56 വരെയുള്ള വചനങ്ങളാണ്. ഈ വചനങ്ങൾ മറിയത്തിന്റെ വിപ്ലവ വീര്യം നിറഞ്ഞ് നിൽക്കുന്ന മാനി ഫെസ്റ്റോയാണ്.

## മറിയം എന്ന വിപ്ലവകാരി

ഏതൊരു വിപ്ലവകാരിയും ജനിക്കുക സ്വയാവബോധത്തിലാണ്. ലൂക്കാ 1: 46- 50 ഭാഗങ്ങളിൽ മറിയം പ്രഖ്യാപിക്കുക ദൈവവുമായുള്ള ബന്ധത്തിൽ താൻ എവിടെയായിരിക്കുന്നു എന്നാണ്. മൂന്ന് പ്രധാനപ്പെട്ട ചിന്തകളാണ് ഈ വാക്കുകൾ നൽകുക. vv47 മാതാവ് ദൈവത്തിൽ ആനന്ദിക്കുന്നു, vv 48 ദൈവം അവളുടെ താഴ്മയെ കടാക്ഷിച്ച് vv49 തലമുറകൾ അവളെ ഭാഗ്യവതിയെന്ന് പ്രകീർത്തിക്കും . ഒരു വിപ്ലവ കാരി എപ്പോഴും മാറ്റങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന വ്യക്തിയായിരി ക്കണം. ആ മാറ്റം ആരം ിക്കുന്നത് സ്വന്തം ജീവിതത്തിലാണ്. മറിയത്തെ വിപ്ലവകാരിയാക്കിതീർത്തത് അവളുടെ രക്ഷകനായ ദൈവത്തിലുള്ള പൂർണ്ണമായ ആനന്ദവും സന്തോഷവുമാണ്. ഓരോ ക്രിസ്തുശിഷ്യന്റെ ജീവിതത്തിൽ വിപ്ലവം ആരംഭിക്കേണ്ടണ്ടത് ഈ പൂർണ്ണ ശരണ ത്തിലാണ്. അതിന്റെ പ്രിതിഫലമായി ഒരുവന് ലഭിക്കുന്ന സമ്മാനമാണ് ദൈവകടാഷവും സമൂഹത്തിന്റെ പ്രകീർത്തിയും.

## സ്തോത്രഗീതത്തിൽ പ്രകടമാകുന്ന 3 പ്രധാന വിപ്ലവങ്ങൾ

ലൂക്കാ 1: 51-56 വരെയുള്ള വാക്യങ്ങൾ പ്രകടമാക്കുക ദൈവം ഭൂമിയിൽ സംസ്ഥാപിക്കാൻ പോകുന്ന 3 പ്രധാനപ്പെട്ട വിപ്ലവങ്ങളെ കുറിച്ചാണ്.

### 1 .സാമൂഹ്യവിപ്ലവം

vv51 'ശക്തി പ്രകടിപ്പിച്ചു, അഹങ്കാരികളെ ചിതറിച്ചു'. അന്നത്തെ യഹൂദസമൂഹത്തെ കാർന്ന് തിന്നുകൊണ്ടിരുന്ന സാമൂഹ്യവ്യവസ്ഥയെ മാറ്റി മറിക്കുന്ന ഒരു ദൈവത്തെയാണ് മറിയം ഇവിടെ പ്രകടമാക്കുന്നത്. അശക്തൻമാരുടെ പക്ഷം ചേർന്ന് അവർക്ക് തന്റെ ഭുജം കൊണ്ട് ശക്തി പ്രകടിപ്പിക്കുന്ന ഒരു കർത്താവിനെ ഇവിടെ കാണുവാൻ സാധിക്കും.

**2. രാഷ്ട്രീയ വിപ്ലവം**

vv52 'സിംഹാസനത്തിൽ നിന്ന് മിറച്ചിടുകയും , എളിയവരെ ഉയർത്തുകയും' സിംഹാസനം അധികാരത്തിന്റെ ചിഹ്നമാണ്. ശക്തൻ മാർ സിംഹാസനം പിടിച്ചടക്കുകയും പാവപ്പെട്ടവരെ അടിച്ചമർത്തു കയും ചെയ്യുന്നവരുടെ ഇടയിലേക്കാണ് മാതാവ് രാഷ്ട്രീയ വിപ്ലവ ത്തിന്റെ വിത്ത് വിതക്കുന്നത്.

**3. സാമ്പത്തിക വിപ്ലവം**

vv53. 'വിശക്കുന്നവർ സമ്പന്നർ'. വിശക്കുന്നവർക്ക് കൈ നിറയെ കൊടുക്കുകയും , സമ്പന്നമാരെ വെറും കൈയോടെ പറഞ്ഞയച്ച് ഒരു സാമ്പത്തിക വിപ്ലവം സൃഷ്ടിക്കുന്ന ഒരു ദൈവത്തെയാണ് ഇവിടെ കാണുവാൻ കഴിയുന്നത്.

## വിപ്ലവങ്ങൾ ക്രിസ്തുശിഷ്യന്റെ ജീവിതത്തിൽ

മറിയം വിപ്ലവകാരിയായത് ദൈവത്തിൽ ആനന്ദിക്കാൻ തുടങ്ങിയ സമയം മുതലാണ്. ഈ ശരണത്തിന്റെ പ്രിതിഫലമായിട്ടാണ് ദൈവപുത്രൻ അവളുടെ ഉള്ളിൽ വസിക്കാൻ തിരുമനസ്സായത്. ക്രിസ്തു വിനെ ഉള്ളിൽവഹിക്കുന്ന ഒരുവനും സമൂഹത്തിൽ വിപ്ലവം സൃഷ്ടി ക്കാതിരിക്കാൻ സാധ്യമല്ല. വിപ്ലവകാരി ക്രിസ്തുവാണ്. പക്ഷേ ഈ വിപ്ലവം നടപ്പാക്കാൻ അവന് നമ്മുടെ സഹകരണം ആവശ്യമാണ്. ഒരോ ക്രിസ്തു ശിഷ്യനും വിളിക്കപ്പെട്ടിരിക്കുന്നത് ഉള്ളിൽ ക്രിസ്തുവിനെ വഹിച്ച് സമൂഹത്തിൽ വിപ്ലവം സൃഷ്ടിക്കുവാൻവേണ്ടിയാണ്. പക്ഷേ അതിന് ആദ്യം നാം ക്രിസ്തുവിനെ ഉള്ളിൽ വഹിക്കുന്നവരാകണം. ഈ ഒരു വിപ്ലവം നമ്മുടെ ഉള്ളിൽ സം വിച്ചാൽ മാത്രമേ ദൈവജനത്തെ സ്വർഗരാജ്യം എന്ന സ്വാതന്ത്യത്തിലേക്ക് കൈപിടിച്ച് നടത്തുവാൻ സാധിക്കുകയുള്ളൂ.

മറിയത്തിന്റെ സ്വർക്ഷാരോഹണം ചരിത്രത്തിൽ നടന്ന ഒരു വിശ്വാസസത്യം മാത്രമല്ല മറിച്ച് ഒരു ക്രിസ്തുശിഷ്യൻ ജീവിതത്തിൽ ആയിത്തീരേണ്ട ഒരു വിപ്ലവത്തിന്റെ ഓർമ്മപ്പെടുത്തലും കൂടിയാണ്. ഈ വിപ്ലവം സ്വന്ത ജീവനെ വിശുദ്ധീകരിക്കാനും, സമൂഹത്തെ സ്വാത ന്ത്രത്തിലേക്ക്, ദൈവരാജ്യമാകുന്ന സ്വാതന്ത്രത്തിലേക്ക് നയിക്കാൻ വേണ്ടിയാണ്. ഇപ്രകാരം മറിയം ഏറ്റെടുത്തതുപോലെ ഒരു വിപ്ലവ ത്തിനും ദൈവരാജ്യ സംസാഥാപനത്തിനും സാക്ഷികളാകാൻ നമ്മുക്ക് ആത്മാർത്ഥമായി പരിശ്രമാക്കാം.

## ആഗസ്റ്റ് 16 : തേജസ്കരണത്തിനുശേഷം 2–ാം ഞായർ

*ബ്രദർ ജോൺസൺ പേഴുംകൂട്ടത്തിൽ ഒ.ഐ.സി*

**മർക്കോ 12: 18–27, പുറ 23 :20–26, ജോഷ്വ 1: 10–18, യാക്കോ 5: 7–12, ഫിലി 4: 10–14, മർക്കോസ് 12:28–34**

### പശ്ചാത്തലം

- നിയമജ്ഞരിൽ ഒരാൾ യേശുവിനോട് ചോദിക്കുന്ന ചോദ്യവും യേശു നൽകുന്ന മറുപടിയും.
- സ്നേഹത്തിന്റെ സുപ്രധാനമായ കൽപനയെ പഠിപ്പിക്കുന്നു
- ദൈവസ്നേഹവും പരസ്നേഹവും ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളാണെന്ന് പഠിപ്പിക്കുന്ന ഭാഗം.
- ക്രൈസ്തവരുടെ മുഴുവൻ അന്തസത്തയും അടങ്ങിയിരി ക്കുന്ന വേദഭാഗം.

### പ്രമേയം

ദൈവരാജ്യം എന്താണ്? ദൈവത്തെയും സഹോദരനെയും സ്നേഹിക്കുന്നതാണ് ദൈവരാജ്യം. ദൈവത്തെ സ്നേഹിക്കേണ്ടത് സമ്പൂർണ്ണ സമർപ്പണത്തോടെയും അയല്ക്കാരനെ സ്നേഹിക്കേണ്ടത് നീ നിന്നെ തന്നെ സ്നേഹിക്കുന്നതുപോലെയും ആയിരിക്കണം. ഇത്തരത്തിൽ ജീവിച്ചുകൊണ്ട് ദൈവരാജ്യത്തിന്റെ അംഗങ്ങളാകാം.

### സന്ദേശം

613 നിയമങ്ങളും ഇവയുടെ ഉപനിയമങ്ങളും അടങ്ങിയ ബൃഹത്തായ ഒരു നിയമസംഹിതയാണ് യഹൂദമതത്തിന് ഉണ്ടായിരുന്നത്. ഇവയുടെ പ്രാമുഖ്യത്തെപറ്റി ഭിന്നാഭിപ്രായങ്ങൾ ഉണ്ടായിരുന്നു. അതു കൊണ്ടാണ് സുപ്രധാനമായ കല്പന ഏതാണ് എന്ന ചോദ്യം നിയമ ജ്ഞൻ യേശുവിനോട് ചോദിക്കുന്നത്. കല്പനകൾ ഒന്നാക്കി ചുരു ക്കുമോ പ്രധാനപ്പെട്ട ഒരു കല്പന പറയാമോ എന്നൊക്കെ ആവശ്യ

പ്പെടുന്ന നിയമജ്ഞന് അവിഭാജ്യവും അവിഭക്തവുമായ രണ്ട് കല്പന കളാണ് യേശു നല്കുന്നത്.ഇവിടെ യേശുവിന്റെ യുക്തി വളരെ വ്യക്ത മാണ്. ദൈവത്തെ സ്നേഹിക്കുക മനുഷ്യനെ സ്നേഹിക്കുക. ഈ കല്പനകൾ യേശുപറഞ്ഞതിനുശേഷം ഏറ്റവും അവസാനമായി അവ നോട് പറയുന്നത് നീ ദൈവരാജ്യത്തിൽ നിന്നും അകലെയല്ലായെന്നാണ്.

പുരാതന റോമിലെ പ്രസിദ്ധചിന്തകൻ സെനക്ക ഇപ്രകാരം എഴുതി, 'നിങ്ങൾ ഈ ലോകത്തിന്റെ കരസ്പർശവും നൊമ്പരവും അറിയാതെ അകലെ നിൽക്കുന്നത് എന്തേ?' ഈ ഒരു ആശയം ഇന്ന ത്തെ വചനഭാഗവുമായി ചേർത്ത് ചിന്തിക്കുമ്പോൾ നമ്മുടെ ജീവിതാ വസ്ഥകളിൽ നമ്മൾ ദൈവരാജ്യത്തിൽ നിന്ന് അകറ്റപ്പെട്ടവരാണോ യെന്ന് ഓർമ്മിച്ച് നോക്കാം. അതിനാൽ ഈ വേദവാക്യങ്ങൾ നമ്മെ ക്ഷണിക്കുന്നതുപോലെ നമ്മൾ ദൈവരാജ്യത്തിലാണോ എന്ന വിചിന്തനത്തെ രണ്ട് പ്രധാനപ്പെട്ട തലകെട്ടുകളിൽ നമ്മുക്ക് സ്വാംശീ കരിക്കാം.

**ഒന്നാമത് സമ്പൂർണ്ണ ദൈവസ്നേഹം എത്രമാത്രം എന്നിൽ നിറയുന്നുണ്ട്.**

ഹൃദയവും ആത്മാവും ബുദ്ധിയും മനസ്സും ശരീരവും തമ്പു രാന്റെ തൃപ്പാദത്തിങ്കൽ സമർപ്പിച്ചുകൊണ്ടുള്ള സ്നേഹമാണ് സമ്പൂർ ണ്ണസ്നേഹം. ദൈവത്തിന്റെ സ്നേഹം അവിഭാജ്യമാണ് അതുകൊണ്ടാ ണ് അത് പൂർണ്ണമാകുന്നത്. നമ്മുടെ ജീവിതസാഹചര്യങ്ങളിൽ ദൈവം വഴിനടത്തിയ എത്രയൊക്കെ അവസരങ്ങളും സന്ദർഭങ്ങളും ഉണ്ട്. നമ്മോടുള്ള അവന്റെ സ്നേഹം എപ്പോഴും പ്രവഹിച്ചു കൊണ്ടിരിക്കു കയാണ്. സ്നേഹം ചിന്തയിലും വാക്കിലും മാത്രം ഒതുങ്ങി നിൽക്കാതെ സമ്പൂണ്ണസ്നേഹം ദൈവത്തോട് ഉണ്ടായിരിക്കണം. ഇന്ന് മറ്റ് പലതി ലേക്കും നമ്മുടെ മനസ്സ് യാത്രചെയ്യുമ്പോൾ ദൈവത്തെ സ്നേഹിക്കു വാനും അവന്റെ സ്നേഹം അനുഭവിക്കാൻ കഴിയാതെ ദൈവരാജ്യ ത്തിൽ നിന്നും നമ്മൾ വളരെ ദൂരം നിൽക്കുന്നു. അതിനാൽ ദൈവരാജ്യ ത്തിൽ നിന്ന് അകറ്റപ്പെടാതിരിക്കാൻ എന്തിനു ദൈവത്തെ സ്നേഹി ക്കണമെന്ന് വി. യോഹന്നാൻ ശ്ലീഹാ തന്റെ ലേഖനത്തിലൂടെ കാണിച്ച് തരുന്നു. (1 യോഹ 4:7-9) സ്നേഹം ദൈവത്തിൽ നിന്നുള്ളതാണ്, സ്നേഹിക്കുന്ന ഏവനും ദൈവത്തിൽ നിന്ന് ജനിച്ചവനാണ്, അവൻ ദൈവത്തെ അറിയുകയും ചെയ്യുന്നു കാരണം ദൈവം സ്നേഹമാണ്. തുടർന്ന് പത്താം വാക്യത്തിൽ സ്നേഹത്തിന്റെ മഹത്വത്തെ വരച്ച്

കാണിക്കുന്നത് ഇപ്രകാരമാണ്, നാം ദൈവത്തെ സ്നേഹിച്ചു എന്ന തിലല്ല അവിടുന്ന് നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾക്ക് പരിഹാരബലിയായി സ്വപുത്രനെ അയക്കുകയും ചെയ്തു എന്നതി ലാണ് സ്നേഹം. അതിനാൽ നിറഞ്ഞമനസ്സോടും ഹൃദയത്തോടും ദൈവത്തെ സ്നേഹിക്കാം. അഹന്തയുടെ ബാബേൽ ഗോപുരങ്ങൾ തച്ചുടച്ച് ദൈവരാജ്യത്തിന്റെ ഭവനാവകാശികളായിതീരാം.

ദൈവം നടത്തുന്ന കടയിൽ സാധനം വാങ്ങാൻ ഒരു സ്ത്രീ വന്നു. ദൈവം ചോദിച്ചു മകളെ എന്താണ് വേണ്ടത്. അവൾ പറഞ്ഞു എനിക്ക് ആരോഗ്യവും സൗന്ദര്യവും സമ്പത്തും സൗഭാഗ്യവും വേണം. ദൈവം ചിരിച്ചുകൊണ്ട് പറഞ്ഞു. ഇത് നാലും വേണമെങ്കിൽ റെഡി മെയ്ഡായി കിട്ടുകയില്ല പകരം ഇതെല്ലാം നേടാൻ ഉതകുന്ന ഒരു വിത്തു തരാം. സ്നേഹമെന്നാണ് അതിന്റെ പേര് സഹനത്തിന്റെ മണ്ണിട്ട് യേശു വിന്റെ കരളാലനങ്ങളിൽ ഒഴുകുന്ന വെള്ളമൊഴിച്ച് ദൈവരാജ്യത്തിന്റെ പ്രകാശരശ്മികൾ ചൊരിയുവാൻ അവസരമുണ്ടാക്കുക. വിത്ത് പെട്ടി വേരോടാൻ തുടങ്ങിയാൽ ബാക്കിയെല്ലാം നിനക്ക് ലഭിക്കും. ജീവിതം മുഴുവൻ ദൈവസ്നേഹം നിറയാൻ നിന്നെ മുഴുവനായി സമർപ്പിക്കുക.

ദൈവരാജ്യത്തിൽ യോഗ്യനാകാൻ രണ്ടാമത്തെ കാര്യം നിന്നെപ്പോലെ നിന്റെ അയല്ക്കാരനേയും സ്നേഹിക്കുക എന്നതാണ്.

ദൈവത്തെ സ്നേഹിക്കുന്നവന് അപരനെ സ്നേഹിക്കാതെ തരമില്ല. സഹോദരസ്നേഹത്തെ കാട്ടുന്ന ഉപമകൾ പറഞ്ഞും അപരന് വേണ്ടി ജീവിതം സമർപ്പിച്ചും അവിടുന്നതു വ്യക്തമ്ക്കി. അതുകൊണ്ട് അപരൻ കറുത്തവനായാലും വെളുത്തവനായാലും പണ്ഡിതനായാ ലും പാമരനായാലും തനിക്ക് തുല്യനാണ്. ഒരു പക്ഷേ അവൻ നിന്റെ വാക്ക് കേൾക്കാനോ നിന്നെ സ്നേഹിക്കാനോ വന്നില്ലെങ്കിൽ പോലും അവനെ സ്നേഹിക്കുക എന്നത് നിന്റെ കടമയായി കാണണം. അതിനാ ലാണ് പൗലോസപ്പോസ്തോലൻ ഇപ്രകാരം ഉദ്ബോധിപ്പക്കുന്നത് സ്നേഹമില്ലങ്കിൽ ഞാൻ ഒന്നും അല്ല (1 കോറി 1:13). യേശു കണ്ട നിയമജ്ഞനോട് പറയുന്നത് നീ ദൈവരാജ്യത്തിൽ നിന്ന് അകലെ യല്ലായെന്നാണ്. കാരണം അവൻ ദൈവത്തെയും സഹോദരനെയും സ്നേഹിച്ചിരുന്നു. അതിനാൽ ദൈവരാജ്യം നമ്മളിൽ എപ്രകാരം നിലനിൽക്കുന്നു എന്ന് നാം ചിന്തിക്കണം കാരണം. ഒരോ പ്രഭാതത്തി ലും പുതിയ ദൈവരാജ്യത്തെ കുറിച്ചാണ് ദൈവം വി. വേദപുസ്ത കത്തിൽ കാട്ടിതരുന്നത് (വിലാപ 3:23). ഇന്നലെ കണ്ട പ്രപഞ്ചമല്ല നാം

ഇന്ന് കാണുന്നത് അത് ഇന്നലത്തേത് പോലെ തോന്നുന്നതേയുള്ളൂ. എല്ലാം നിരന്തരമായ മാറ്റത്തിന് വിധേയമാണ്. എന്നാൽ മാറ്റാം വരാത്ത ദൈവരാജ്യം നമ്മുടെ ഹൃദയത്തിൽ കാത്ത് സൂക്ഷിക്കാൻ നമ്മുക്കാകണം. കെ. പി. അപ്പൻ തന്റെ കൃതിയിൽ 'ആരെയും നനക്കാതെ ഒരു കുളിർമ്മയോ, ജീവനോ നല്കാതെ കടന്ന്പോകുന്ന മഴത്തുള്ളിയെ' പ്രതിപാദിക്കുന്നതുപോലെ നമ്മുടെ ജീവിതങ്ങളും ആരെയും തൊടാതെ കടന്ന്പോകരുത്.

പ്രിയമുള്ളവരെ ദൈവം നമ്മുക്ക് നല്കിയ ഈ വിലപ്പെട്ട ജീവിതത്തിൽ നമ്മുക്കേത് മാറ്റം വന്നാലും മാറ്റം വരാത്ത ദൈവസ്നേഹവും പരസ്നേഹവും നിറച്ച് ദൈവരാജ്യത്തിന്റെ അവകാശികളാകാൻ നമ്മുക്ക് പരിശ്രമിക്കാം. ക്രിസ്തുനാഥൻ കാണിച്ച് നല്കിയ സ്നേഹം മുഴുവനായി സ്വാംശീകരിച്ച് നമ്മുടെ കുടുംബങ്ങളിലും നാം ആയിരിക്കുന്ന എല്ലാ മേഖലയിലും അത് നമ്മുക്ക് പങ്ക് വെയ്ക്കാം. അസൂയയുടേയും അഹന്തയുടേയും കോപത്തിന്റെയും കൂടാരങ്ങൾ പണിയാതെ ദൈവസ്നേഹമാകുന്ന കൂടാരങ്ങൾ പണിയാം. ദൈവത്തെ അറിഞ്ഞ്, സ്നേഹിച്ച്, അത് മറ്റുള്ളവർക്ക് പകർന്ന് ജീവിക്കുമ്പോൾ കാറ്റടിച്ചാലും പേമാരി പെയ്താലും തകരാത്ത ബലമുള്ള വനമായി നമ്മുടെ ജീവിതം മാറും. അതിനായി നമ്മുക്ക് പരിശ്രമിക്കാം.

ഈ ഗാനം നമ്മുടെ മനസ്സിലെന്നും ഉണ്ടാകട്ടെ

''സ്നേഹംകൊണ്ട് ഒരു വീടു പണിയാം
ദൈവസ്നേഹകൊണ്ടൊരുവീടു പണിയാം
ദൈവം സ്ഥാപിച്ച തിരുകുടുംബംപോൽ
സ്നേഹംകൊണ്ട് ഒരു വീടു പണിയാം,''

## ആഗസ്റ്റ് 23 : തേജസ്കരണത്തിനുശേഷം മൂന്നാം ഞായർ

*ബ്രദർ മൈക്കിൾ രാജ് ഒ.ഐ.സി*

**ലൂക്കാ 11:5-13, ഉല്പ 6:1-12, സഭാ 5:1-7, സങ്കീ 12:1-8, 2പത്രോ 3:1-7, 2കോറി 12:1-10, ലൂക്കാ 18:9-14**

### പശ്ചാത്തലം

ഉപമകൾ അനുദിന ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളുടെ പ്രതീകാത്മകമായ അവതരണമാണ്. അതിനാൽതന്നെ ജനങ്ങൾക്കു മനസ്സിലാകുന്ന രീതിയിൽ ഉപമകളിലൂടെ യേശു അവരെ പഠിപ്പിച്ചു. വി.ലൂക്കായുടെ സുവിശേഷമനുസരിച്ചു ജറുസലേമിലേക്കുള്ള യാത്രാവേളയിലാണ് യേശു ധാരാളം ഉപമകൾ വഴി സ്വർഗ്ഗരാജ്യത്തിന്റെ രഹസ്യങ്ങൾ ശിഷ്യന്മാരോടു പങ്കുവച്ചിരുന്നത്.

### പ്രമേയം

നിയമം പാലിക്കുന്നതിൽ ശ്രദ്ധിച്ചിരുന്ന ഫരിസേയർ നീതികരിക്കപ്പെടുമെന്നും ചുങ്കക്കാർ പരസ്യപാപികളാകയാൽ ശിക്ഷിക്കപ്പെടുമെന്നുള്ള പൊതുവായ തത്വചിന്തയെ മാറ്റിക്കുറിച്ചുകൊണ്ടാണു ക്രിസ്തു ഈ ഉപമ അവതരിപ്പിക്കുന്നത്. സമൂഹത്തിൽ നീതിമാന്മാരെന്നു വിളിക്കപ്പെടുന്നവരെയും നീതിരഹിതരെന്നു മുദ്രകുത്തിയ പാപികളെയും ഒരേ തലത്തിൽ നിന്നുകൊണ്ടു യേശു നോക്കിക്കാണുന്നു. നല്ല സമരിയാക്കാരന്റെ ഉപമ, ന്യായാധിപന്റെയും വിധവയുടെയും ഉപമ എന്നിവ ഇതിന് ഉദാഹരണമാണ്. തങ്ങളിൽത്തന്നെ ആശ്രയിക്കാതെ ദൈവത്തിന്റെ കരുണയിൽ ആശ്രയിക്കാനാണ് ഇന്നത്തെ സുവിശേഷം ആഹ്വാനം നല്കുന്നത്.

### വിചിന്തനം

ആരാണു നീതിമാനെന്നും എങ്ങനെയാണ് ഒരുവൻ നീതികരിക്കപ്പെടുന്നത് എന്നുള്ള രണ്ടു പ്രധാന ചിന്തകളാണ് ഫരിസേയന്റേയും ചുങ്കക്കാരന്റേയും ഉപമ നല്കുന്നത്.

## 1. ആരാണ് നീതിമാൻ?

ലൂക്കായുടെ സുവിശേഷത്തിന്റെ ആരംഭത്തിൽ തന്നെ നാം സഖറിയായെക്കുറിച്ചു വായിക്കുന്നുണ്ട്, ''അവർ ദൈവത്തിന്റെ മുമ്പിൽ നീതിനിഷ്ഠരും കർത്താവിന്റെ കല്പനകളും പ്രമാണങ്ങളും കുറ്റമറ്റ വിധം അനുസരിക്കുന്നവരുമായിരുന്നു ''(ലൂക്കാ 1:6). കല്പനകൾ പാലിക്കുന്നതിലും നേർച്ചകാഴ്ചകൾ സമർപ്പിക്കുന്നതിലും നീതികരണം കണ്ടെത്തിയിരുന്ന ഇസ്രയേൽ ജനത്തിലേക്ക് ഒരു പുതിയ സന്ദേശവുമായിട്ടാണു ക്രിസ്തു കടന്നുവരുന്നത്. സമൂഹത്തിൽ നികൃഷ്ടരും പുറംതള്ളപ്പെട്ടവരുമായിരുന്നുരുടെ ഇടയിലേക്കു സുവിശേഷമായിട്ടാണ് യേശുവിന്റെ വരവ്. ഞാൻ വന്നിരിക്കുന്നതു നീതിമാന്മാരെ വിളിക്കാനായിട്ടല്ല, പാപികളെ വിളിക്കാനായിട്ടാണ് (ലൂക്കാ 5:32). കാരണം, ഒരു പാപിയുടെ മാനസാന്തരത്തിൽ സന്തോഷിക്കുന്ന സ്വർഗ്ഗത്തെക്കുറിച്ചു ലൂക്കായുടെ സുവിശേഷം ഇരുപത്തിമൂന്നാം അദ്ധ്യായം നാല്പത്തിയേഴാം വാക്യത്തിൽ വായിക്കുന്നുണ്ട്. വിശുദ്ധ പൗലോസ് ശ്ലീഹാ വിശ്വാസം മൂലം നീതികരിക്കപ്പെടുന്നതിനെ കുറിച്ചു പറയുമ്പോൾ, ''വിശ്വാസം മൂലം ആബേൽ കായേനെക്കാൾ ശ്രേഷ്ഠമായ ബലി ദൈവത്തിനു സമർപ്പിച്ചതിനാൽ അവൻ നീതിമാനായി അംഗീകരിക്കപ്പെട്ടു ''(ഹെബ്രാ.11:4). വിശുദ്ധ ലൂക്കാ കരുണയിലാശ്രയിച്ച് നീതികരണം പ്രാപിച്ച ചുങ്കക്കാരനെക്കുറിച്ചു പറയുന്നു. എന്നിരുന്നാലും, ഇവയെ രണ്ടായി കാണേണ്ട ആവശ്യമില്ല. വിശ്വാസം മൂലം ചെയ്യുന്ന പ്രവൃത്തികൾ നമ്മെ കൊണ്ടെത്തിക്കേണ്ടത് ദൈവത്തിന്റെ കരുണയിലേക്കാണ്. കരുണയെന്നാൽ അർഹിക്കുന്നതിലും അധികം ലഭിക്കുന്നതാണ്. അതുകൊണ്ടുതന്നെ നമ്മുടെ പ്രവൃത്തികൾ നീതികരണത്തിന് ഒരു മാനദണ്ഡമായി മാറുന്നില്ല. മറിച്ച്, ദൈവകരുണയിൽ ആഴപ്പെടാനുള്ള മാർഗ്ഗമായി അവയെ മാറ്റാം. ലൂക്കായുടെ സുവിശേഷത്തിൽ നീതികരണം എന്നതിന്റെ ഒരു പ്രകടമായ വ്യതിയാനം (shift) നാം കാണുന്നു. ദൈവകല്പനകളിൽ ആശ്രയിച്ചിരുന്ന സഖറിയ-എലിസബത്ത് ദമ്പതികളിൽ നിന്നും ലോകദൃഷ്ടിയിൽ ചുങ്കക്കാരനാണെങ്കിലും ദൈവദൃഷ്ടിയിൽ അവൻ നീതികരിക്കപ്പെട്ടവനാണ്.

## 2. എങ്ങനെ നീതികരിക്കപ്പെടാം?

തന്നിൽത്തന്നെ ആശ്രയിക്കുന്ന ഫരിസേയൻ ദൈവവുമായി ന്യായവാദം നടത്തുകയാണ്. താൻ ചെയ്ത കാര്യങ്ങൾ അക്കമിട്ട് അവതരിപ്പിക്കുന്നു. കാരണം, നീ ദയ ചെയ്യാൻ ഞാൻ എന്തുകൊണ്ടും

യോഗ്യനാണ്. പക്ഷേ, ചുങ്കക്കാരൻ നേരെ നോക്കാൻ പോലും ധൈര്യപ്പെടാതെ തന്റെ അയോഗ്യതകളെക്കുറിച്ച് ഓർത്തു മാറത്തടിച്ചു കരയുന്നു. "ശിമയോൻ പത്രോസ് ഇതു കണ്ടപ്പോൾ യേശുവിന്റെ കാൽക്കൽ വീണ് കർത്താവേ എന്നിൽ നിന്ന് അകന്ന് പോകണമേ ഞാൻ പാപിയാണന്ന് പറഞ്ഞു"(ലൂക്കാ 5:8). പാപബോധം ഒരുവനെ ദൈവത്തിൽ നിന്ന് അകന്ന് നിൽക്കാൻ സ്വയം പ്രേരിപ്പിക്കുന്നു.അവൻ ആരാണെന്ന ബോധ്യം അവനുണ്ടായിരുന്നു. മാറത്തടി എന്നത് ചെയ്ത തെറ്റിനെക്കുറിച്ചുള്ള പശ്ചാത്താപത്തിന്റെ ആഴമായ പ്രകടനമാണ്. പശ്ചാത്തപിക്കുമ്പോൾ ദൈവവുമായുള്ള ദൂരം കുറയുന്നു. സ്വയം നീതീകരിക്കുന്നവൻ പള്ളിയോട് അടുത്താണങ്കിലും ദൈവവുമായുള്ള ദൂരം കൂടുതലാണ്. ചുങ്കക്കാരൻ ദേവാലയത്തിന്റെ വാതിൽക്കലാണ് നിന്നത്. കാഴ്ചയിൽ ദൈവവുമായി അകലമുണ്ടെങ്കിലും അനുതാപം നിമിത്തം സ്വർഗ്ഗം അവനിലേക്ക് ഇറങ്ങിവന്നു.ദൈവത്തിന്റെ കരുണയിൽ ആശ്രയിച്ച ചുങ്കക്കാരൻ ഫരിസേയനേക്കാൾ നീതികരിക്കപ്പെട്ടവനായി വീട്ടിലേക്കു മടങ്ങുന്നു.

## ഉപസംഹാരം

ഫരിസേയനും ചുങ്കക്കാരനും നമ്മുടെതന്നെ വ്യക്തിത്വത്തിന്റെ പ്രതീകങ്ങളാണ്. വിശ്വാസത്തിന്റെ പേരിലുള്ള ശക്തിപ്രകടനങ്ങളും ആൾ ദൈവങ്ങളും വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ വീണ്ടും ഒരു ഫരിസേയനെ നാം ഇവിടെ സൃഷ്ടിക്കുകയാണോ? നാം ചെയ്യുന്ന പ്രവൃത്തിയുടെ പ്രതിഫലത്തിനും അപ്പുറമാണ് ദൈവത്തിന്റെ കരുണ നമ്മെ കൊണ്ടെത്തിക്കുന്നത്. അതിനാൽ തന്നെ നമ്മുടെ പ്രവൃത്തികൾ വിശ്വാസത്തിന്റെ പ്രഘോഷണമായി മാറണം. കൂടാതെ, പ്രവർത്തിയാലല്ല, മനോഭാവത്തിലൂടെയാണ് ഒരുവൻ നീതിമാനായി തീരുന്നത് എന്നുള്ള സന്ദേശം ഇന്നത്തെ സുവിശേഷം നമുക്കു നല്കുന്നു. നാം ഇപ്രകാരം വായിക്കുന്നു, " എന്നാൽ അവിടുന്ന് എന്നോട് അരുളിച്ചെയ്തു നിനക്ക് എന്റെ കൃപമതി. എന്തെന്നാൽ ബലഹീനതയിലാണ് എന്റെ ശക്തി പൂർണ്ണമായും പ്രകടമാകുന്നത് "(1കോറി 12:9). ചുങ്കക്കാരൻ തന്റെ കുറവുള്ള ജീവിതത്തെ ഒരു തുറന്ന പുസ്തകം പോലെ ആക്കിത്തീർത്തപ്പോഴാണ് നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്കു മടങ്ങിയത്.

## ആഗസ്റ്റ് 30 : തേജസ്കരണത്തിനുശേഷം നാലാം ഞായർ

*ബ്രദർ തോമസ് ഫ്രാൻസിസ് ഒ.ഐ.സി*

**മത്താ 20:20–28; നിയമ 18:1–8; 2 ദിന 19:8–11; എസെ 47:1–12; 1 പത്രോ 4:1–11; ഫിലി 2:1–11; മർക്കോ 10:35–45**

### പശ്ചാത്തലം

യഹൂദ ചിന്താഗതി പ്രകാരം, വരാനിരിക്കുന്ന മിശിഹാ ഒരു വിപ്ലവകാരിയും ഇസ്രായേലിനെ വീണ്ടും ഒന്നിപ്പിക്കുന്ന ഒരു രാഷ്ട്രത്തലവനുമാണെന്നു വിശ്വസിക്കുന്ന യാക്കോബും യോഹന്നാനും യേശു മുൻപു നൽകിയിട്ടുള്ള ക്രൂശുമരണ സൂചനകളെയൊന്നും മനസിലാക്കാതെ അവർ അവനെ സമീപിക്കുന്നു. ദാവീദിന്റെ സിംഹാസനത്തിൽ യേശുമിശിഹാ ആരൂഢനാകുമ്പോൾ അവന്റെ ഇടതും വലതും ഭാഗങ്ങളിലിരുന്ന് ഭരിക്കാനുള്ള അവകാശമാണ് അവർക്കിന്നാവശ്യം. കാരണം യേശുവിന്റെ ജറുസലേമിലേക്കുള്ള അവസാന യാത്രയുടെ ലക്ഷ്യം റോമൻ ഭരണത്തെ അട്ടിമറിക്കാനാണെന്നു അവർ ഉറച്ചു വിശ്വസിച്ചിരുന്നു.

### പ്രമേയം

ഇന്നത്തെ സുവിശേഷഭാഗത്തിന്റെ കേന്ദ്രബിന്ദു യാതാർത്ഥ നേതൃത്വത്തെക്കുറിച്ചു യേശുവിനുണ്ടായിരുന്ന വീക്ഷണമാണ്. യഥാർത്ഥ നേതൃത്വത്തെ “ബലിയോടു ചേർന്ന-ബലിക്കു സമാനമായ സേവന”മായിട്ടാണു യേശു കാണുന്നത്. ദൈവരാജ്യത്തിൽ ഒരുവന്റെ മഹത്വം അളക്കുന്നതിന്റെ ഉപാധിയും ഇതു തന്നെയാണെന്നു അവൻ വ്യക്തമാക്കുന്നു. യേശു തന്റെ ജീവിതം അതിനു ഉദാഹരണമായി ചൂണ്ടികാട്ടുന്നു.

### നേതൃത്വം- യേശുവിന്റെ കാഴ്ചപ്പാടിലൂടെ

യഥാർത്ത നേതൃത്വത്തെക്കുറിച്ചു യേശുവിനുണ്ടായിരുന്ന വീക്ഷണമായിരുന്നില്ല യാക്കോബിനും യോഹന്നാനും ഉണ്ടായിരുന്നത്.

അതിനാലാണല്ലോ, അവർ മേൽപറഞ്ഞ ആവശ്യവുമായി യേശുവിനെ സമീപിക്കുന്നത്. അതുകൊണ്ടു തന്നെ, അവരെ ശകാരിക്കുന്ന രീതിയിലാണു യേശു മറുപടി പറഞ്ഞു തുടങ്ങുന്നത്. ‘‘നിങ്ങൾ ആവശ്യപ്പെടുന്നത് എന്താണെന്നു നിങ്ങൾ അറിയുന്നില്ല. ഞാൻ കുടിക്കുന്ന പാനപാത്രം കുടിക്കാനോ ഞാൻ സ്വീകരിക്കുന്ന സ്നാനം സ്വീകരിക്കാനോ നിങ്ങൾക്കു കഴിയുമോ?’’ (മർക്കോ. 10:38). പലപ്പോഴും വിശുദ്ധ ഗ്രന്ഥത്തിൽ പാനപാത്രവും സ്നാനവും സഹനവുമായിട്ടാണു താരതമ്യം ചെയ്തിരിക്കുന്നത്. യേശുവിന്റെ ഗത്സമെനിയിലെ അനുഭവം ഇതിനു തെളിവാണ്. പണ്ടു കാലങ്ങളിൽ നടക്കാറുണ്ടായിരുന്ന രാജകീയ വിരുന്നു സത്ക്കാരങ്ങളിൽ രാജാവ് തന്റെ പാനപാത്രം വന്നിരിക്കുന്ന പ്രധാന അതിഥികൾക്കു പങ്കുപറ്റാൻ കൊടുക്കുന്ന പതിവുണ്ടായിരുന്നു. അതുവഴി, അവർ രാജാവിന്റെ ആനന്ദത്തിലും, വിജയത്തിലും പങ്കാളികളാണ് എന്നാണു സൂചിപ്പിക്കുന്നത്. അതുപോലെ യേശു വച്ചു നീട്ടുന്ന പാനപാത്രവും ആനന്ദത്തിന്റേതായിരിക്കും എന്നു ചിന്തിച്ച ശിഷ്യന്മാർക്കു തെറ്റി. കാരണം, യേശുവിന്റെ മനസിലുണ്ടായിരുന്ന പാനപാത്രം ക്രൂശുമരണം ഉൾക്കൊള്ളുന്ന സഹനത്തിന്റെ പാനപാത്രമായിരുന്നു. ചരിത്രം പറയുന്നു: യാക്കോബും യോഹന്നാനും യേശുവിന്റെ പാനപാത്രത്തിൽ സത്യമായും പങ്കാളികളായി എന്ന്; ഹേറോദ് അഗ്രിപ്പാ യാക്കോബിനെ ശിരച്ഛേദം ചെയ്തു കൊല്ലുകയും (അ. പ്ര. 12:2) യോഹന്നാൻ തന്റെ കൂട്ടാളികൾ മതപീഡനത്തിൽ മരിക്കുന്ന വാർത്തയറിഞ്ഞ് അജ്ഞാത വാസത്തിൽ എരിഞ്ഞുതീരുകയുമാണ് ചെയ്തത്. അങ്ങനെ യേശു വിഭാവനം ചെയ്ത പാനപാത്രം സ്വീകരിച്ച ഈ ശിഷ്യന്മാർ അവന്റെ സ്വർഗ്ഗീയ സിംഹാസനത്തിനരികിൽ ഉപവിഷ്ടനായി.

## യഥാർത്ഥ നേതൃത്വം നേരിടുന്ന വെല്ലുവിളി - നേതൃത്വം - ‘ബലി’യാകാനുള്ള ഒരു വിളിയാണ്

വളരെ വിലപ്പെട്ട ഒന്നിനെ അതിലും വിലപ്പെട്ട മറ്റൊന്നു ലഭിക്കുന്നതിനായി വിട്ടുകൊടുക്കുന്ന/ൽകുന്ന കർമ്മമാണ് ബലി. മഹത്വവും നേതൃത്വവും ആഗ്രഹിക്കുന്ന ഓരോ ക്രിസ്തുശിഷ്യനോടും അവിടുന്ന് ആവശ്യപ്പെടുക സ്വന്തജീവൻ ബലിയായി വിട്ടുകൊടുത്ത് സ്വർഗീയ മഹത്വം നേടിയെടുക്കാനാണ്. ഇതു വളരെ വ്യക്തമായി അവൻ പറയുന്നുണ്ട്: ‘‘മനുഷ്യപുത്രൻ വന്നിരിക്കുന്നത്, ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി

നൽകാനുമത്രേ'' (മർക്കോ. 10:45). ഒരു തികഞ്ഞ നേതാവിനെപ്പോലെ മുന്നിൽ നിന്ന് ഈ ദൗത്യം നിർവ്വഹിക്കുന്നതിന് യേശു തിരഞ്ഞടുത്ത മാർഗം ക്രൂശുമരണത്തിന്റേയും പീഡാസഹനത്തിന്റേയും തിക്തമായ പാനപാത്രം കുടിച്ചുകൊണ്ടു ലോകം മുഴുവന്റേയും പാപമോചന ത്തിനായി തന്നെത്തന്നെ ബലിയായി നൽകുകയായിരുന്നു. അങ്ങനെ, നമ്മുടെ എല്ലാവരുടേയും നേതാവായി അവൻ മാറി. ഇതിലൂടെ യേശു നമ്മെ വെല്ലുവിളിക്കുകയാണ്: അവന്റെ രാജ്യത്തിലെ അധികാരത്തിൽ പങ്കാളികളാകാൻ ആഗ്രഹിക്കുന്നവൻ ആദ്യമേ മറ്റുള്ളവർക്കുവേണ്ടി ബലിയായി തീരുന്നവനാകണമെന്ന്. ദൈവരാജ്യത്തിലെ അധികാരം സ്വയം ബലിയായി തീരുന്നവർക്കുള്ളതാണ് എന്നാണ് അവൻ ഇവിടെ ചൂണ്ടികാട്ടുന്നത്.

നേതാവാകാൻ ആഗ്രഹിക്കുന്നവൻ ആദ്യമേ ഒരു ബലിവസ്തു എന്നപോലെ തന്റെ ജീവിതത്തെ കാണേണ്ടി വരുമെന്നാണ് അവൻ നമുക്കു വ്യക്തമാക്കി തരുന്നത്. അങ്ങനെയെങ്കിൽ അവൻ ആദ്യം ചെയ്യേണ്ടത് അവന്റെ അഹത്തെ വെടിയുകയാണ്. നമ്മുടെ ഓരോ നേതാക്കന്മാരെ എടുത്തു നോക്കുക. വിശുദ്ധനായ പൗലോസ് ശ്ലീഹാ തന്നെത്തന്നെ വിശേഷിപ്പിക്കുക യേശുക്രിസ്തുവിന്റെ ദാസൻ (റോമ 1:1) എന്നാണ്. അതുപോലെ, നൂറ്റാണ്ടുകളായി നമ്മുടെ മാർപ്പാപ്പയുടെ ഔദ്യോഗികനാമം ദൈവത്തിന്റെ ദാസന്മാരുടെ ദാസൻ എന്നാണ്. അതുപോലെ മദർ തെരേസ പുണ്യവതിയുടെ ജീവിതവും അഹത്തെ വെടിഞ്ഞ് സ്വയം ബലിയായി തീർന്നതിന്റെ ഒരു തെളിവാണ്.

## നമുക്ക് എങ്ങനെ ഒരു ബലിയായി തീരാം? - യഥാർത്ഥ നേതാവാകാം?

മേൽപ്പറഞ്ഞവരൊക്കെ സ്വന്തജീവൻ ദൈവമഹത്വത്തെ മുൻ നിർത്തി ബലിയായി നൽകി. ഇനി, ഒരു യഥാർത്ഥ നേതാവാകാൻ നമ്മൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ നമ്മളും മറ്റുള്ളവർക്കായി ബലിയായി തീർന്നേ മതിയാവൂ. അതിനായുള്ള ശ്രമങ്ങൾ തുടങ്ങുന്നതിനുള്ള ഏറ്റവും നല്ല സ്ഥലം നമ്മൾ ആയിരിക്കുന്ന ഓരോ ഇടങ്ങൾ തന്നെ യാണ്. അതു കുടുബത്തിലാകാം, ജോലി സ്ഥലങ്ങളിലാവാം, പഠന സ്ഥലങ്ങളിലാവാം, മിഷൻ കേന്ദ്രങ്ങളിലാവാം അവിടെയെല്ലാം മറ്റുള്ള വരെ ഒരു പുഞ്ചിരി നിറഞ്ഞ മുഖത്തോടെ നമുക്കു സഹായിക്കാൻ കഴിയണം. അതിനായി നമ്മൾ ബലി കഴിക്കേണ്ടത് നമ്മുടെ വിലപ്പെട്ട സമയമായിരിക്കും എന്നത് തീർച്ച.

മറ്റുള്ളവർക്കുവേണ്ടി എല്ലായ്പ്പോഴും സംലഭ്യരാകുന്നതോടെ (available) നാം നമ്മെത്തന്നെ പൂർണ്ണമായി ഒരു ബലിയായി വിട്ടുകൊടുക്കുകയാണു ചെയ്യുന്നത്. അതു തന്നെയാണല്ലോ ഒരു നല്ല നേതാവിന്റെ സവിശേഷതയും. ആൽബർട്ട് ഷ്വൈറ്റ്സർ പറയുന്നുണ്ട്: മറ്റുള്ളവർക്കായി ജീവിക്കുമ്പോൾ ഒരുവന്റെ ജീവിതം കൂടുതൽ കഠിനമായിത്തീരുന്നതായി പ്രഥമദൃഷ്ട്യാ തോന്നിയേക്കാം, എന്നാൽ അതു പിന്നീട് സമൃദ്ധവും സന്തോഷപ്രദവുമായി മാറും.

## ഉപസംഹാരം

യഥാർത്ഥ നേതൃത്വം എന്നും സഹനങ്ങൾ ആവശ്യപ്പെടുന്ന ഒന്നാണ്. എന്നാൽ, ദൈവം എല്ലായ്പ്പോഴും തന്റെ ആവശ്യങ്ങൾക്കായി നിയോഗിക്കുന്ന്ത്, സഹനങ്ങൾ വഹിക്കുന്നതിൽ ദൈവഹിതം തിരിച്ചറിയുന്ന മനുഷ്യരെയാണ്. സഹനങ്ങളിൽ സന്തോഷം കണ്ടെത്തുന്ന മനുഷ്യരെയാണ്. ദൈവഹിതം തിരച്ചറിയുന്നതിനായി ഇങ്ങനെയുള്ള മനുഷ്യർക്കു ദൈവം പ്രത്യേകമായി ഒന്നും തന്നെ വാരിക്കോരി കൊടുക്കുന്നില്ല. പക്ഷേ, യഥാർത്ഥ നേതാക്കന്മരായി എന്നു ദൈവം മുദ്ര കുത്തപ്പെടുന്നവർ സ്വയമേ ഉണ്ടാക്കിയെടുക്കുന്ന ഒന്നുണ്ട്: മറ്റുള്ളവരുടെ വേദനകളും സഹനങ്ങളും കഷ്ടപ്പാടുകളും കാണാനും മനസിലാക്കാനും കഴിവുള്ള ഒരു മനസ്സ്. അങ്ങനെ ചെയ്യുന്ന നേതാക്കന്മാർ യഥാർത്ഥ നേതാക്കന്മാരായി മനുഷ്യ ഹൃദയങ്ങളിൽ ചിരകാലം ജീവിക്കും.